(സി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ, ഇതുവരെ ഓപ്പൺ അക്സസ് (Open access) അനുസരിച്ച് കെ. എസ്. ഇ. ബി. യുടെ പ്രസരണ ലൈനുകൾ വാടക നൽകി ഉപയോഗിക്കുന്നതിന് അനുവാദം നൽകിയിട്ടുള്ള സ്ഥാപനങ്ങൾ താഴെ ചേർക്കുന്നു.

1. INDAL (ഇൻഡാൽ—ഇന്ത്യൻ അലുമുനിയം കമ്പനി ലിമിറ്റഡ്) അനുമതി ലഭിച്ചെങ്കിലും കമ്പനി അതു ഇതുവരെ ഉപയോഗപ്പെടുത്തിയില്ല.

2. TNEB (തമിഴ്നാട് ഇലക്ട്രിസിറ്റി ബോർഡ്).

3. NVVN (NTPC വിദ്യുത് വ്യാപാർ നിഗം ലിമിറ്റഡ്)- TNEB, NVVN എന്നീ സ്ഥാപനങ്ങളുടെ ഓപ്പൺ അക്സസ് ചാർജ്ജ് റഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന നിരക്കിലാണു നൽകുന്നത്.

ഈ സ്ഥാപനങ്ങൾ ഉപയോഗിക്കുന്ന കാലയളവിൽ മാത്രമേ ഈ തുക നൽകേണ്ടതുള്ളു. ഈ സ്ഥാപനങ്ങൾ ഇപ്പോൾ കായംകുളം നിലയത്തിൽ നിന്നുള്ള വൈദ്യുതി ഉപയോഗിക്കുന്നത് ഈ രീതിയിൽ കൂടിയാണ്. ഇതിനുള്ള തുക കിട്ടാറാകുന്നതേയുള്ളു.

(ഡി) തൃശ്ശൂർ കോർപ്പറേഷനിൽ വൈദ്യുതി വിതരണം സംബന്ധിച്ച് ബോർഡും കോർപ്പറേഷനും തമ്മിൽ എഗ്രിമെന്റ് നിലവിലില്ല.

(ഇ) തീരുമാനിച്ചിട്ടില്ല.

ആക്സിലറേറ്റഡ് ഇലക്ട്രിഫിക്കേഷൻ ഓഫ് വൺ ലാക്ക് വില്ലേജസ് ആന്റ് വൺ ക്രോർ ഹൗസ്ഹോൾഡ്സ് പദ്ധതി

5 [1093] ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യുച്ഛക്തി വകുപ്പ് കേന്ദ്ര സഹായത്തോടെ നടപ്പാക്കി വരുന്ന "ആക്സിലറേറ്റഡ് ഇലക്ട്രിഫിക്കേഷൻ ഓഫ് വൺലാക്ക് വില്ലേജസ് ആന്റ് വൺ ക്രോർ ഹൗസ് ഹോൾഡ്സ് "എന്ന പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ സംസ്ഥാനത്ത് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(സി) ടി പദ്ധതി പ്രകാരം സംസ്ഥാനത്തെ എത്ര വില്ലേജുകൾക്കും വീടുകൾക്കും ഗുണം ലഭിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഡി) ടി പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാൻ മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) ടി പദ്ധതി എപ്പോൾ പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേന്ദ്ര ഗവൺമെന്റിന്റെ "ആക്സിലറേറ്റഡ് ഇലക്ട്രിഫിക്കേഷൻ ഓഫ് വൺലാക്ക് വില്ലേജസ് ആന്റ് വൺ ക്രോർ ഹൗസ് ഹോൾഡ്സ് "പദ്ധതി, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വീടുകൾ വൈദ്യുതീകരിക്കുന്നതിനും, ഇതുവരെയും വൈദ്യുതി ലഭിച്ചിട്ടില്ലാത്ത വില്ലേജുകൾ വൈദ്യുതീകരിക്കുന്നതിനും വേണ്ടിയുള്ളതാണ്.

(ബി) (1) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 62,116 വീടുകൾ 931.74 ലക്ഷം രൂപ ചെലവിൽ വൈദ്യുതീകരിക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ഇതുവരെയായി 55-164 വീടുകൾ വൈദ്യുതീകരിച്ചിട്ടുണ്ട്.

(2) 2700 വില്ലേജുകൾ വൈദ്യുതീകരിക്കുന്നതിനുവേണ്ടി 348.11 കോടി രൂപയുടെ ഒരു പദ്ധതി കേന്ദ്ര ഗവൺമെന്റിന് അനുമതിക്കുവേണ്ടി സമർപ്പിച്ചിട്ടുണ്ട്.

(സി) ആദ്യത്തെ പദ്ധതി പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 62,116 വീടുകൾക്ക് വൈദ്യുതി ലഭിക്കും. രണ്ടാമത്തെ പദ്ധതി പ്രകാരം 2700 വില്ലേജുകളുടെ വൈദ്യുതീകരണം വഴി 12,40,000 വീടുകൾക്ക് വൈദ്യുതി നൽകാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) ആദ്യത്തെ പദ്ധതി പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 500 വാട്ട്സിൽ താഴെ കണക്ടഡ് ലോഡുള്ളതും പോസ്റ്റ് വേണ്ടാത്തതുമായ ഉപഭോക്താക്കളെയാണ് തെരഞ്ഞെടുക്കുന്നത്. രണ്ടാമത്തെ പദ്ധതി പ്രകാരം ഇതുവരെയും വൈദ്യുതി എത്താത്ത ഗ്രാമങ്ങളെയാണ് തെരഞ്ഞെടുക്കുന്നത്.

(ഇ) ആദ്യത്തെ പദ്ധതി മാർച്ച് 2005-ലും രണ്ടാമത്തെ പദ്ധതി മാർച്ച് 2006-ലും പൂർത്തീകരിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

2004-05-ലെ വൈദ്യുത പദ്ധതികൾക്കുള്ള തുക

6 [1094] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2004-2005 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ഊർജ്ജ വകുപ്പിലെ ഏതെല്ലാം പദ്ധതികൾക്കുവേണ്ടി എന്തു തുക വീതം നീക്കിവച്ചെന്ന് വിശദമാക്കാമോ ;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികൾക്ക് എന്തു തുക വീതം ചെലവഴിച്ചെന്ന് വ്യക്തമാക്കാമോ ;

(സി) നൂറ് ദിന കർമ്മ പരിപാടിയിൽ ഊർജ്ജ വകുപ്പിൽ ഏതെല്ലാം പദ്ധതികളാണ് പ്രഖ്യാപിച്ചതെന്നും ഇതിനായി എന്തു തുക വീതം വകയിരുത്തിയെന്നും വ്യക്തമാക്കാമോ ;

(ഡി) ഇതിൽ ഏതെല്ലാം പദ്ധതികൾ പൂർത്തീകരിച്ചെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ ആന്റ് ബി) 2004-2005 സാമ്പത്തിക വർഷത്തിൽ ഉർജ്ജ വകുപ്പിൽ വിവിധ പദ്ധതികൾക്കായി താഴെ പറയും പ്രകാരം തുക നീക്കി വച്ചിട്ടുണ്ട്.

സംസ്ഥാന വിദ്യുച്ഛക്തി ബോർഡ്-69,120 ലക്ഷം രൂപയാണ് വികസന പ്രവർത്തനങ്ങൾക്കായി നീക്കി വച്ചിരിക്കുന്നത്. 12/2004 വരെ 28,723.55 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. (വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.†

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly